**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T5531 04.07.2013-ലെ മറുപടിക്ക്**

**"ജലഗതാഗത ഉച്ചകോടി"**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ<br>" പി.തിലോത്തമൻ<br>" കെ.അജിത്<br>ശ്രീമതി.ഗീതാ ഗോപി | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) തീരദേശ ജലഗതാഗത, ഉൾനാടൻ ജലഗതാഗത ഉച്ചകോടി സംസ്ഥാനത്ത് നടന്നതെന്നാണ്; പ്രസ്തുത ഉച്ചകോടിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;<br>(ബി) പ്രസ്തുത ശുപാർശകൾ ഏതെങ്കിലും നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (എ) & (ബി) തീരദേശ ജലഗതാഗത പദ്ധതി സംബന്ധിച്ച് 2011 ജൂലൈ 23-ന് കൊച്ചി അവന്യൂ സെന്ററിൽ വച്ചും, കൊല്ലം ബീച്ച് ഓർക്കിഡ് ഹോട്ടലിൽ വച്ചും കോസ്റ്റൽ ഷിപ്പിംഗിന് വേണ്ടി ഏകദിന ശില്പശാലകൾ നടത്തിയിട്ടുണ്ട്.പ്രസ്തുത ശില്പശാലകളുടെ ശുപാർശകൾ ഡിലോയിറ്റ് എന്ന കൺസൾട്ടൻസി സ്ഥാപനം ആക്ഷൻ പ്ലാനായി സമർപ്പിച്ച റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുമുണ്ട്. |
| (സി) കരമാർഗ്ഗമുള്ള ചരക്കുനീക്കം ജലപാതയിലൂടെ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ജലപാതകൾ ഗതാഗത യോഗ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) ഉണ്ട്. തീരദേശ കപ്പൽ ഗതാഗതം മുഖാന്തിരം സംസ്ഥാനത്തിനുണ്ടാകുന്ന ചരക്കുനീക്കത്തിന്റെ നേട്ടങ്ങൾ വിലയിരുത്തുവാൻ ഡിലോയിറ്റ് എന്ന കൺസൾട്ടൻസി സ്ഥാപനത്തെ നിയോഗിക്കുകയും,പ്രസ്തുത സ്ഥാപനം ആക്ഷൻ പ്ലാനായി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുമുണ്ട്. കേരളത്തിലെ പൊതു മേഖലാ സ്ഥാപനങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്കുകൾ, മറൈൻ ഹൈവേ വഴി നീക്കം ചെയ്ത് റോഡിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിന് വേണ്ടിയാണ് മറൈൻ ഹൈവേ പദ്ധതി നടപ്പിലാക്കുന്നത്. തീരദേശ കപ്പൽ സർവ്വീസ് നടപ്പിലാക്കുന്നതിനുള്ള ഇൻസ്റ്റിറ്റ്യൂഷണൽ അറേഞ്ച്മെന്റായി കേരള മാരിടൈം ബോർഡ് |

സ്ഥാപിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. തീരദേശ ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് കേരളത്തിലെ ചെറുകിട തുറമുഖങ്ങളേയും ഉൾനാടൻ ജലഗതാഗതത്തേയും ബന്ധപ്പെടുത്തികൊണ്ട് തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കരമാർഗ്ഗമുള്ള ചരക്ക് കടത്തിന്റെ 20% ജലമാർഗ്ഗമാക്കുക, റോഡിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുക, ചരക്ക് കടത്ത് കൂലി കുറയ്ക്കുക, റോഡ് അപകടങ്ങൾ കുറയ്ക്കുക, അന്തരീക്ഷ മലിനീകരണ തോത് കുറയ്ക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശം. റോഡ് മാർഗ്ഗം കൈകാര്യം ചെയ്യുന്ന ചരക്കുകൾ ജലമാർഗ്ഗം മുഖേന ആക്കുന്നതിന് വേണ്ടി മൂന്ന് തരത്തിലുള്ള ഇൻസെന്റീവ് സംവിധാനങ്ങളാണ് ഉദ്ദേശിക്കുന്നത്. അതിൽ യഥാർത്ഥ ചരക്ക് നീക്കത്തിനുള്ള ഇൻസെന്റീവ് നൽകുന്നതിന് വേണ്ടിയുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തീരദേശ കപ്പൽ സർവ്വീസ് തുടങ്ങുന്നതിനാവശ്യമായ കപ്പലിന്റെ ലഭ്യതക്കുറവ് മനസ്സിലാക്കി കൂടുതൽ കപ്പൽ നിർമ്മിക്കുന്നതിനുള്ള ഇൻസെന്റീവ് നൽകുന്നത് സംബന്ധിച്ചും, പോർട്ട് ഡ്യൂസ് റിബേറ്റ് ചെയ്യുന്നത് സംബന്ധിച്ചുമുള്ള കാര്യങ്ങൾ സർക്കാരിൽ മത്സ്യബന്ധനവും തുറമുഖവും വകുപ്പിൽ പരിശോധിച്ച് വരുന്നു.

കരമാർഗ്ഗമുള്ള ചരക്കുനീക്കത്തിന്റെ കുറെ ഭാഗമെങ്കിലും ഉൾനാടൻ ജലപാതയിലൂടെയും നടത്തുവാൻ ഉദ്ദേശിക്കുന്നു. കേരളത്തിലെ ദേശീയ ജലപാതയായ കൊല്ലം-കോട്ടപ്പുറം പാതയുടെ ഇരുവശങ്ങളിലുമുള്ള പാതകളായ കോവളം മുതൽ കൊല്ലം വരെയും, കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുമുള്ള പാതകൾ സംസ്ഥാന ജലപാതയുടെ മാനദണ്ഡങ്ങളനുസരിച്ച് വികസിപ്പിക്കുന്നതിന് പതിമൂന്നാം ധനകാര്യ കമ്മീഷൻ [illegible]

യത്തോടെയും, നബാർഡ് ധനസഹായ ത്തോടെയും, സംസ്ഥാന ഫണ്ട് ഉപയോഗിച്ചും പ്രവൃത്തികൾ ഏറ്റെടുത്ത് നടന്നു വരുന്നു. സംസ്ഥാന ജലപാത വികസനത്തിലെ മുഖ്യനിർമ്മിതികളിൽ ഒന്നായ വടകര-മാഹി കനാലിന്റെ നിർമ്മാണം 115 കോടി മുതൽമുടക്കിൽ ഏറ്റെടുത്ത് നടത്തിവരുന്നു. തിരുവനന്തപുരം മുതൽ കൊല്ലം വരെയുള്ള പാതയുടെ വികസനവും വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. മാഹി-വളപട്ടണം ഭാഗത്തെ പുനരുദ്ധാരണത്തിനായി പര്യവേക്ഷണ പ്രവൃത്തികൾ നടന്നു വരുന്നു. കോഴിക്കോട് മേഖലയിലുള്ള ഇ:കെ.കനാലിന്റെ പുനരുദ്ധാരണ പ്രവൃത്തികളും ഫീഡർ കനാലുകളുടെ പുനരുദ്ധാരണ പ്രവൃത്തികളും നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ